2005-ലെ 47-ാം ആക്റ്റ്

2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ആക്റ്റ്*

കർഷകർക്ക്, ഒരു റവന്യൂ എസ്റ്റേറ്റിലെ അവരുടെ കൃഷിഭൂമിയെ

സംബന്ധിച്ച അവകാശ രേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന

കിസ്സാൻ പാസ് ബുക്ക് നൽകുന്നതിനും, വായ്പാ സൗകര്യങ്ങൾ

വിനിയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും

അതുമായി ബന്ധപ്പെട്ടതോ അതിനോട് ആനുഷംഗിക

മായതോ ആയ കാര്യങ്ങൾക്കും വേണ്ടി

വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കർഷകർക്ക്, ഒരു റവന്യൂ എസ്റ്റേറ്റിലെ അവരുടെ കൃഷിഭൂമിയെ സംബന്ധിച്ച അവകാശരേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന, കിസ്സാൻ പാസ് ബുക്ക് നൽകുന്നതിനും വായ്പാ സൗകര്യങ്ങൾ വിനിയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനോട് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.—**(1)** ഈ ആക്റ്റിന് **2005**-ലെ കേരള കിസ്സാൻ പാസ് ബുക്ക് ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇതിന് സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

---

* 2005 ഡിസംബർ 10–ാം തീയതി പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 2005 ഡിസംബർ 26–ാം തീയതിയിലെ 2779–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "കൃഷി" എന്നതിൽ, കർഷകർ, ക്ഷീരോല്പാദകർ, കന്നുകാലികളെ വളർത്തുന്നവർ, കോഴി കർഷകർ, അതുപോലുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു വിഭാഗം ആളുകൾ എന്നിവർ സാധാരണയായി നടത്തുന്ന കൃഷിക്ക് ഭൂമി തയ്യാറാക്കൽ, ഭൂമിയിൽ കൃഷി ചെയ്യൽ, ജലസേചന സ്രോതസ്സുകളുടെ വികസനം, മണ്ണ് സംരക്ഷണം, ഭൂവികസന നടപടികൾ എന്നിവയുൾപ്പെടെയുള്ള ഭൂമിയുടെ മെച്ചപ്പെടുത്തൽ, കൃഷിയിറക്കലും വിളവെടുപ്പും, ഉദ്യാനക്കൃഷി, വനവൽക്കരണം, കന്നുകാലി വളർത്തൽ, മൃഗസംരക്ഷണം, ക്ഷീരോല്പാദനം, വിത്ത് ഉല്പാദനം, മീൻ വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, തേനീച്ച വളർത്തൽ, പന്നി വളർത്തൽ, കോഴി വളർത്തൽ, കൃഷി ഉല്പന്നങ്ങൾ കൊണ്ടുപോകൽ ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾ മുതലായവ ഉൾപ്പെടുന്നതും 'കാർഷിക ആവശ്യങ്ങൾ' എന്ന വാക്കുകൾ അതിനനുസരണമായി വ്യാഖ്യാനിക്കപ്പെടേണ്ടതുമാണ്;

(ബി) "കർഷകൻ" എന്നാൽ, ഭൂവുടമസ്ഥനെന്നോ, ഒറ്റിക്കാരനെന്നോ, പട്ടയദാറെന്നോ ഉള്ള നിലയിൽ ഒരു കൈവശഭൂമിയിൽ താല്പര്യമുള്ള ഒരാൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ ഭൂമിയുടെ പാട്ടക്കാരനോ അത് പതിച്ചുകിട്ടിയ ആളോ ഉൾപ്പെടുന്നതുമാകുന്നു;

(സി) "സഹകരണസംഘം" എന്നാൽ **1969**-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിൻ (**1969**-ലെ **20**)- കീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണസംഘം എന്നർത്ഥമാകുന്നു;

(ഡി) "സാമ്പത്തിക സഹായം" എന്നാൽ ഒരു ധനകാര്യസ്ഥാപനമോ സർക്കാരോ കൃഷി ആവശ്യങ്ങൾക്കായി വായ്പകളായോ അഡ്വാൻസുകളായോ മറ്റ് വിധത്തിലോ നൽകുന്ന സഹായം എന്നർത്ഥമാകുന്നു;

(ഇ) "ധനകാര്യസ്ഥാപനം" എന്നാൽ,—

(i) **1949**-ലെ 'ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ (**1949**-ലെ **10**-ാം കേന്ദ്ര ആക്റ്റ്) **5**-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു ബാങ്കിംഗ് കമ്പനി ;

(ii) **1955**-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ ആക്റ്റ് (**1955**-ലെ **23**-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ;

(iii) 1959-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (സബ്സിഡിയറി ബാങ്കുകൾ) ആക്റ്റിൽ (1959-ലെ 38-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ള ഒരു സബ്സിഡിയറി ബാങ്ക്;

(iv)1970 -ലെ ബാങ്കിംഗ് കമ്പനികൾ (സംരംഭങ്ങൾ ഏറ്റെടുക്കലും കൈമാറ്റം ചെയ്യലും) ആക്റ്റിന്റെ (1970-ലെ 5-ാം കേന്ദ്ര ആക്റ്റ്) ഒന്നാം പട്ടികയിലും, 1980-ലെ ബാങ്കിംഗ് കമ്പനികൾ (സംരംഭങ്ങൾ ഏറ്റെടുക്കലും കൈമാറ്റം ചെയ്യലും) ആക്റ്റി (1980-ലെ 40-ാം കേന്ദ്ര ആക്റ്റ്)-ലും വിനിർദ്ദേശിച്ചിട്ടുള്ള സമാനസ്വഭാവമുള്ള ഒരു പുതിയ ബാങ്ക്;

(v) 1956-ലെ കമ്പനീസ് ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏകാംഗീകരിക്കപ്പെട്ട അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി;

(vi) 1976-ലെ പ്രാദേശിക ഗ്രാമീണ ബാങ്കുകൾ ആക്റ്റ് (1976 ലെ 21-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിച്ച പ്രാദേശിക ഗ്രാമീണ ബാങ്ക്;

(vii) 1981-ലെ ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് ആക്റ്റ് (1981-ലെ 61-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിച്ച ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക്;

(viii) കേരള സംസ്ഥാന സഹകരണ ബാങ്കോ മറ്റേതെങ്കിലും സഹകരണ സംഘമോ;

(ix) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ;

(x) കേരള സംസ്ഥാന ഖാദി ഗ്രാമവ്യവസായ ബോർഡ്;

(xi) സംസ്ഥാന സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റേതെങ്കിലും ധനകാര്യസ്ഥാപനം എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) “കൈവശഭൂമി" എന്നാൽ അതിക്രമിച്ച് കടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന ഒരു തുണ്ടോ, തുണ്ടുകളായതോ ആയ ഭൂമി എന്നർത്ഥമാകുന്നു;

(ജി) കിസാൻ പാസ് ബുക്ക്" എന്നാൽ, ഒരു കർഷകന് തന്റെ കൃഷിഭൂമിയിലോ ഒരു റവന്യൂ എസ്റ്റേറ്റിലെ ഭൂമിയിലോ ഉള്ള അവകാശത്തിന്റെ സ്വഭാവവും വ്യാപ്തിയും കാണിക്കുന്ന, 1968-ലെ കേരള അവകാശ രേഖകൾ ആക്റ്റിൽ (1968-ലെ 26) നിന്നോ മറ്റ് റവന്യൂ രേഖകളിൽ നിന്നോ ഉള്ള സാക്ഷ്യപ്പെടുത്തിയ

പ്രസക്ത ഭാഗങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് വിവരങ്ങളും അടങ്ങിയ 6-ാം വകുപ്പിൻ കീഴിൽ കൊടുത്ത കിസാൻ പാസ് ബുക്ക് എന്നർത്ഥമാകുന്നു;

(എച്ച്) "ഭൂമി" എന്നാൽ കാർഷികാവശ്യങ്ങൾക്കായോ കൃഷിക്ക് അത്യനുവർത്തിയായ ആവശ്യങ്ങളിലേക്കായോ, മേച്ചിൽ സ്ഥലമായോ, കൈവശത്തിലുള്ളതോ വിട്ടുകൊടുത്തിട്ടുള്ളതോ ആയ ഭൂമി എന്നർത്ഥമാകുന്നതും അങ്ങനെയുള്ള ഭൂമിയിന്മേലുള്ള കെട്ടിടങ്ങളുടെയും എടുപ്പുകളുടെയും സ്ഥാനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു ;

(ഐ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(കെ) "പബ്ലിക് സർവ്വന്റ്"എന്നാൽ 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള "പബ്ലിക് സർവ്വന്റ്" എന്നർത്ഥമാകുന്നു ;

(എൽ) "റവന്യൂ ഉദ്യോഗസ്ഥൻ" എന്നാൽ റവന്യൂ വകുപ്പിലെ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എം) "സബ് രജിസ്ട്രാർ" ക്ക് 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) അതിന് നൽകിയിട്ടുള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(എൻ) ഏതെങ്കിലും അവകാശത്തിന്റെയോ ഉടമസ്ഥാവകാശത്തിന്റേയോ താത്പര്യത്തിന്റേയോ കൈവശക്കാരനെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന വാക്കുകൾക്കും പ്രയോഗങ്ങൾക്കും അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും അവകാശത്തിന്റെയോ ഉടമസ്ഥാവകാശത്തിന്റെയോ താത്പര്യത്തിന്റേയോ മുൻഗാമികളായുള്ളവരും പിൻഗാമികളായുള്ളവരും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിലും (1964-ലെ 1), 1960-ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിലും നിർവ്വചിച്ചിട്ടുള്ളതും എന്നാൽ, ഈ ആക്റ്റിൽ നിർവ്വചിച്ചിട്ടില്ലാത്തതും ആയ എല്ലാ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ഇതിനകത്ത് അവ എവിടെയെല്ലാമാണോ ഉപയോഗിച്ചിട്ടുള്ളത് അവിടെയെല്ലാം പ്രസ്തുത ആക്റ്റുകളിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുള്ളതായി വ്യാഖ്യാനിക്കപ്പെടേണ്ടതുമാകുന്നു.

3. <u>അന്യാധീനപ്പെടുത്തലിന്മേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യൽ</u>.—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ നിയമത്തിന്റെ പ്രഭാവമുള്ള ഏതെങ്കിലും ആചാരത്തിലോ പ്രയോഗത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരുകർഷകൻ, ഭൂമിയോ അതിന്മേലുള്ള അയാളുടെ താത്പര്യമോ, അങ്ങനെയുള്ള ഭൂമിയിലോ താത്പര്യത്തിന്മേലോ ഒരു ബാദ്ധ്യതയോ പണയമോ നിലനിൽക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ഒരു ധനകാര്യ സ്ഥാപനം അയാൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന് ഈടായി അങ്ങനെയുള്ള ധനകാര്യ സ്ഥാപനത്തിലേക്ക് അങ്ങനെയുള്ള ഭൂമിയോ താത്പര്യമോ ബാദ്ധ്യതപ്പെടുത്തിയോ പണയംവച്ചോ അന്യാധീനപ്പെടുത്തുന്നത് നിയമവിധേയമായിരിക്കുന്നതാണ്.

4. <u>അന്യാധീനപ്പെടുത്തുന്നതിനുള്ള അവകാശം നിക്ഷിപ്തമാക്കൽ</u>.—1960-ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിലോ (1960-ലെ 30) അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാരിന്, വിജ്ഞാപനംവഴി, പ്രസ്തുത ആക്റ്റ് പ്രകാരം ഭൂമി പതിച്ച് കിട്ടിയവരിൽ അങ്ങനെയുള്ള ഭൂമിയിലോ താത്പര്യത്തിലോ ഒരു ബാദ്ധ്യതയോ പണയമോ ഒരു ധനകാര്യസ്ഥാപനത്തിലേക്ക് സൃഷ്ടിക്കാനുള്ള അവകാശം ഉൾപ്പെടെ ആ ധനകാര്യ സ്ഥാപനത്തിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്ന ആവശ്യത്തിലേക്കായി അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, അന്യാധീനപ്പെടുത്തുന്നതിനുള്ള അവകാശങ്ങൾ നിക്ഷിപ്തമാക്കാവുന്നതാണ്.

5. <u>ആക്റ്റിന് മറ്റു നിയമങ്ങളുടെ മേൽ പ്രഭാവം ഉണ്ടായിരിക്കുമെന്ന്</u>.—1908-ലെ രജിസ്ട്രേഷൻ ആക്റ്റിലോ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

6. <u>കിസ്സാൻ പാസ് ബുക്ക് നൽകൽ</u>.—ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം കഴിയുന്നത്രവേഗത്തിൽ ഓരോ കർഷകനും അയാളുടെ കൈവശ ഭൂമിയെ സംബന്ധിച്ച ഒരു കിസ്സാൻ പാസ് ബാക്ക് റവന്യൂ ഉദ്യോഗസ്ഥൻ നൽകേണ്ടതും അതു നൽകിയതു സംബന്ധിച്ചുള്ള വിവരം ബന്ധപ്പെട്ട സബ് രജിസ്ട്രാരെ അറിയിക്കേണ്ടതു മാണ് :

എന്നാൽ, സഹഉടമകളെ സംബന്ധിച്ച കൂട്ടവകാശ കൈവശ ഭൂമിയിലെ അവർക്കുള്ള താത്പര്യത്തിന്റെ വ്യാപ്തിയും സ്വഭാവവും കാണിക്കുന്ന ഒരു രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, സെറ്റിൽമെന്റ് അല്ലെങ്കിൽ ഏകീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന റവന്യൂ എസ്റ്റേറ്റിൽ, പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും അവകാശ രേഖകൾ തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ ഒരു പുതിയ കിസ്സാൻ പാസ് ബുക്ക് നൽകേണ്ടതാണ്.

7. <u>കിസ്സാൻ പാസ് ബുക്കിന്റെ ഉള്ളടക്കം</u>.—കിസ്സാൻ പാസ് ബുക്ക് കർഷകനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിൽ ആയിരിക്കേണ്ടതും അങ്ങനെയുള്ള കാലയളവിലേക്ക് സാധുവായിരിക്കുന്നതുമാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, റവന്യൂ ഉദ്യോഗസ്ഥൻ കിസ്സാൻ പാസ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(3) കർഷകന് ഭൂമിയിലുള്ള താത്പര്യത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും മാറ്റങ്ങൾ സംബന്ധിച്ച വ്യതിയാനങ്ങൾ സാക്ഷ്യപ്പെടുത്തുന്ന സമയത്തോ മറ്റു കാര്യത്തിനോ കിസ്സാൻ പാസ് ബുക്ക് ഹാജരാക്കുമ്പോൾ, റവന്യൂ ഉദ്യോഗസ്ഥൻ, വ്യതിയാന നടപടികളുടെയും മറ്റു പ്രസക്തമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ മാറ്റങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിനുശേഷം, കിസ്സാൻ പാസ് ബുക്കിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും രിതിയിലും, അങ്ങനെയുള്ള മാറ്റങ്ങൾ സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

(4) കിസ്സാൻ പാസ് ബുക്കിന്റെ പേരുകാണിക്കുന്ന ഒന്നാംപുറത്ത് സൂചിപ്പിച്ചിട്ടുള്ള കാലാവധി കഴിയുന്ന മുറയ്ക്ക്, അത് പുതുക്കി വാങ്ങേണ്ടത്, കിസ്സാൻ പാസ് ബുക്ക് ഉടമയുടെ കടമയായിരിക്കുന്നതും അങ്ങനെ പുതുക്കാത്ത കിസ്സാൻ പാസ് ബുക്ക് എവിടെ ഹാജരാക്കിയാലും സാധുതയുള്ള രേഖയായി സ്വീകരിക്കുന്നതല്ല. കാലാവധി കഴിയുന്നതിനുമുൻപ്, കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ പുതുക്കുന്നതിനായി, റവന്യൂ ഉദ്യോഗസ്ഥന് അത് കൈമാറേണ്ടതും <u>പ്രസ്തുത ഉദ്യോഗസ്ഥൻ ആയതു കിട്ടി പതിനഞ്ച് ദിവസത്തിനകം പുതുക്കി നൽകേണ്ടതുമാണ്</u> :

എന്നാൽ, പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള കിസ്സാൻ പാസ് ബുക്കിലെ രേഖപ്പെടുത്തലുകൾക്ക്, അതിന്റെ സാധുതാ കാലാവധി വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(5) കിസ്സാൻ പാസ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ, തെറ്റു തിരുത്തുന്നതിനുവേണ്ടി റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന് ഒരു അപേക്ഷ നൽകേണ്ടതും, റവന്യൂ ഡിവിഷണൽ

ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അയാൾക്ക് യുക്തമെന്ന് തോന്നുന്ന അത്തരം രീതിയിലുള്ള ശരിയായ പരിശോധനയ്ക്കുശേഷം തെറ്റ് തിരുത്തേണ്ടതും ആയത് കിട്ടി പതിനഞ്ച് ദിവസത്തിനകം തിരികെ നൽകേണ്ടതുമാണ്.

8. കിസ്സാൻ പാസ് ബുക്കിന്റെ പ്രത്യക്ഷ തെളിവുമൂല്യം.—(1) 6-ാം വകുപ്പ് പ്രകാരം നൽകിയ കിസ്സാൻ പാസ് ബുക്കിൽ, 7-ാം വകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തിയിട്ടുള്ള ഓരോ രേഖപ്പെടുത്തലും, മറിച്ച് തെളിയിക്കപ്പെടുന്നതുവരെ, ശരിയാണെന്ന് അനുമാനിക്കേണ്ടതാണ്.

(2) കിസ്സാൻ പാസ് ബുക്കിലെ രേഖപ്പടുത്തലുകൾക്ക്, സർക്കാർ ഉദ്യോഗസ്ഥന്റെയോ കോടതികളുടെയോ ധനകാര്യസ്ഥാപനങ്ങളുടെയോ മുമ്പാകെ എല്ലാ ഉദ്ദേശ്യങ്ങൾക്കും ആവശ്യങ്ങൾക്കും അവകാശ രേഖകളുടെയോ മറ്റു പൊതുരേഖകളുടേയോ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളായിരുന്നാലെന്നപോലെ അതേ പ്രത്യക്ഷ തെളിവുമൂല്യം ഉണ്ടായിരിക്കുന്നതാണ്.

9. കിസ്സാൻ പാസ് ബുക്ക് ഹാജരാക്കാതെ കൈമാറ്റം രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന്.—(1) ഒരു കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരൻ നടത്തിയ, അങ്ങനെയുള്ള കിസ്സാൻ പാസ് ബുക്കിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഭൂമിയോ, അതിന്മേലുള്ള ഏതെങ്കിലും താത്പര്യമോ, അതിൽ നിലവിലുള്ള ഏതെങ്കിലും വിളയോ സംബന്ധിച്ചുള്ള യാതൊരു കൈമാറ്റവും, സബ് രജിസ്ട്രാർ, അദ്ദേഹത്തിന്റെ മുമ്പിൽ കിസ്സാൻ പാസ് ബുക്ക് ഹാജരാക്കിയില്ലായെങ്കിൽ രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതും അത് ഹാജരാക്കുന്നപക്ഷം അദ്ദേഹം രജിസ്റ്റർ ചെയ്ത കൈമാറ്റത്തിന്റെ വിവരണങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിലും രീതിയിലും അതിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

(2) ഈ വകുപ്പിന് വിരുദ്ധമായി നടത്തിയ ഏതൊരു കൈമാറ്റവും അസാധുവായിരിക്കുന്നതാണ്.

10. കിസ്സാൻ പാസ് ബുക്ക് ഹാജരാക്കാതെ റവന്യൂ റിക്കാർഡിൽ മാറ്റങ്ങൾ വരുത്താൻ പാടില്ലെന്ന്.—(1) ഒരു കിസ്സാൻ പാസ് ബുക്ക് കൈവശക്കാരന്റെ സംഗതിയിൽ കിസ്സാൻ പാസ് ബുക്ക് ഹാജരാക്കാതെ, റവന്യൂ ഉദ്യോഗസ്ഥൻ, ഭൂമിയുടെയോ അതിന്മേലുള്ള താത്പര്യത്തിന്റെയോ ഏതെങ്കിലും കൈമാറ്റത്തിന്റെ അനന്തര നടപടി എന്ന നിലയിൽ റവന്യൂ റിക്കാർഡിൽ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല.

(2) റവന്യൂ ഉദ്യോഗസ്ഥർ, ഭൂമിയിലുള്ള ഏതെങ്കിലും അവകാശമോ താത്പര്യമോ, കൈമാറ്റം ചെയ്ത ആളിനോടോ കൈമാറ്റം വാങ്ങിയ ആളിനോടോ ആവശ്യപ്പെടുമ്പോൾ കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരന്റെ സംഗതിയിൽ,

കിസ്സാൻ പാസ് ബുക്ക് ഹാജരാക്കുനന്നതിന് ഒരു നോട്ടീസ് നല്കി അയാളോട് നിർദ്ദേശിക്കുന്നത് നിയമാനുസൃതം ആയിരിക്കുന്നതും ആ മാറ്റം സൂചിപ്പിക്കുന്ന ഒരു രേഖപ്പെടുത്തൽ നടത്തുന്നതിനായി നേരിട്ടോ അധികാരപ്പെടുത്തിയ ഒരു ഏജന്റ് മുഖേനയോ പതിനഞ്ച് ദിവസത്തിനകം കിസ്സാൻ പാസ് ബുക്ക് ഹാജരാക്കണമെന്നത് അങ്ങനെ കൈമാറ്റം ചെയ്ത ആളിന്റേയോ കൈമാറ്റം വാങ്ങിയ ആളിന്റേയോമേൽ ചുമത്തപ്പെട്ട കർത്തവ്യമായിരിക്കുന്നതാണ് .

(3) ഈ വകുപ്പിന് വിരുദ്ധമായി വരുത്തിയ ഏതൊരു മാറ്റവും അസാധുവായിരിക്കുന്നതാണ്.

11. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകൽ.—(1) ഒരു കർഷകൻ ഏതെങ്കിലും ഭൂമിയുടെ ഈടിന്മേൽ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കായി അത് സംബന്ധിച്ച് നൽകിയിട്ടുള്ള കിസ്സാൻ പാസ് ബുക്ക് ഹാജരാക്കുന്നത്, അങ്ങനെയുള്ള വസ്തുവിൽ അയാൾക്കുള്ള ഉടമസ്ഥാവകാശമോ താത്പര്യമോ തെളിയിക്കുന്നതിനുള്ള സാധുവായ രേഖയായി സാമ്പത്തിക സഹായം നല്കുന്ന ധനകാര്യസ്ഥാപനങ്ങൾ കരുതേണ്ടതാണ്. എന്നിരുന്നാലും സഹകരണ സ്ഥാപനങ്ങൾ നല്കുന്ന വിള വായ്പകൾക്ക് കിസ്സാൻ പാസ് ബുക്ക് ഹാജരാക്കേണ്ടതില്ല.

(2) കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരന് ഏതെങ്കിലും സാമ്പത്തിക സഹായം നല്കുന്ന ധനകാര്യസ്ഥാപനം, അങ്ങനെയുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വസ്തുതയും വായ്പ അനുവദിച്ച വിവരവും കിസ്സാൻ പാസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, അങ്ങനെയുള്ള സാമ്പത്തിക സഹായം ഏതെങ്കിലും ഭൂമിയുടെ ഈടിന്മേൽ കൊടുത്തിടത്ത് ആ ധനകാര്യസ്ഥാപനം നല്കിയ സാമ്പത്തിക സഹായം ഏത് വസ്തുവിന്റെ ഈടിന്മേലാണോ നല്കിയത് പ്രസ്തുത വസ്തുവിനെക്കുറിച്ചുള്ള ഒരു രേഖപ്പെടുത്തൽകൂടി നടത്തേണ്ടതും, അങ്ങനെയുള്ള രേഖപ്പെടുത്തൽ, രേഖപ്പെടുത്തൽ നടത്തിയ വസ്തുവിന്മേൽ, ധനകാര്യ സ്ഥാപനത്തിലേക്ക് ഒരു ബാദ്ധ്യത സൃഷ്ടിക്കുന്നതിന്റെ ഫലം ഉണ്ടായിരിക്കുന്നതും ആ ധനകാര്യസ്ഥാപനം നൽകിയ സാമ്പത്തിക സഹായത്തിന്റെ ബാക്കി നിൽക്കുന്ന തുക, അതിന്റെ പലിശ സഹിതം തിരിച്ചടയ്ക്കുന്നതുവരെ കിസാൻ പാസ് ബുക്കിന്റെ കൈവശക്കാരനെ പ്രസ്തുത ഭൂമി അന്യാധീനപ്പെടുത്തുന്നതിൽ നിന്നും തടയുന്നതുമാണ്:

എന്നാൽ, ഏതെങ്കിലും ഭൂമിയിന്മേലോ അതിന്മേലുള്ള താത്പര്യത്തിലോ ഏതെങ്കിലും ബാദ്ധ്യത ഒരു ധനകാര്യസ്ഥാപനത്തിലേക്ക്, ഒരു കൃഷിക്കാരൻ, ഈ ആക്റ്റ് പ്രാബല്യത്തിൽവരുന്നതിനുമുമ്പ് സൃഷ്ടിച്ചിട്ടുള്ളപക്ഷം, അങ്ങനെ പ്രാബല്യം ഉണ്ടായതിനുശേഷം, ഒരു ധനകാര്യസ്ഥാപനം നല്കിയ ഏതെങ്കിലും സാമ്പത്തിക

സഹായത്തിന്റെ ഈടായി അങ്ങനെയുള്ള ഭൂമിയിലോ അതിന്മേലുള്ള ഏതെങ്കിലും താത്പര്യത്തിന്മേലോ അങ്ങനെയുള്ള സ്ഥാപനത്തിലേക്ക് പിന്നീട് ഒരു ബാദ്ധ്യത സൃഷ്ടിക്കുന്നതിൽ നിന്നും അയാളെ തടയുന്നതല്ല:

എന്നുമാത്രമല്ല, കിസ്സാൻ പാസ് ബുക്ക് നല്കിയശേഷം, ആദ്യ വായ്പ നല്കുന്ന ധനകാര്യസ്ഥാപനം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ഒരു സത്യവാങ്മൂലം സമ്പാദിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ നല്കിയ വിള വായ്പ ഒഴികെ, അതതുസംഗതിപോലെ, നിലവിലുള്ള എല്ലാ വായ്പകളും കർഷകൻ സൃഷ്ടിച്ചിട്ടുള്ള ബാദ്ധ്യതകളും തിട്ടപ്പെടുത്തേണ്ടതും പരിശോധിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ കിസ്സാൻ പാസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും പ്രമാണീകരിക്കേണ്ടതും ആകുന്നു.

(3) കിസ്സാൻ പാസ് 'ബുക്കിൽ ഉൾക്കൊള്ളിച്ച പ്രസക്തമായ രേഖപ്പെടുത്തലുകളുടെ പകർപ്പ് ധനകാര്യസ്ഥാപനം, അങ്ങനെ ബാദ്ധ്യതപ്പെടുത്തിയ വസ്തു മുഴുവനായോ ഭാഗികമായോ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരിതയുള്ള റവന്യൂ ഉദ്യോഗസ്ഥനും അതുപോലെതന്നെ സബ് രജിസ്ട്രാർക്കും മേലൊപ്പുവച്ച് നൽകേണ്ടതും റവന്യൂ ഉദ്യോഗസ്ഥനും സബ്രജിസ്ട്രാറും അത് ലഭിച്ചാൽ അവരുടെ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള അവകാശ രേഖകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാക്രമം വരുത്തിക്കേണ്ടതുമാണ്.

12. <u>കോടതി നടപടി മുഖേനയുള്ള ജപ്തിക്കും വില്പനയ്ക്കും ഉള്ള തടസ്സം നീക്കം ചെയ്യൽ.</u>—ഏതെങ്കിലും നിയമത്തിലെ യാതൊന്നും തന്നെ, ഒരു കർഷകൻ, ഏതെങ്കിലും ധനസഹായം നേടുന്നതിനായി ഒരു ധനകാര്യ സ്ഥാപനത്തിലേക്ക് ബാദ്ധ്യതപ്പെടുത്തിയ ഏതെങ്കിലും ഭൂമിയോ അതിന്മേലുള്ള താത്പര്യമോ ഒരു സിവിൽ കോടതി മുഖേനയുള്ള ജപ്തിക്കും വില്പനയ്ക്കും വിധേയമാക്കുന്നതിൽ നിന്നും വിറ്റുകിട്ടുന്ന തുക, കോടതി വിധിച്ചേക്കാവുന്ന കോടതി ചെലവും മറ്റു ചെലവുകളും ഉൾപ്പെടെ, ആ കർഷകനിൽ നിന്നും അതിന് ലഭിക്കേണ്ട എല്ലാ തുകയിലേക്കും വരവുവയ്ക്കുന്നതിൽ നിന്നും ഒരു ധനകാര്യ സ്ഥാപനത്തെ യാതൊരു രീതിയിലും തടസ്സപ്പെടുത്തുന്നതല്ല.

13. <u>ധനകാര്യ സ്ഥാപനത്തിന് കിട്ടേണ്ട തുക നികുതി വസൂലാക്കൽ ആക്റ്റ് പ്രകാരം വസൂലാക്കൽ.</u>—ഈ ആക്റ്റ് പ്രകാരം ഒരു കർഷകന് നല്കിയ സാമ്പത്തിക സഹായം ഇനത്തിൽ അയാൾ ഒരു ധനകാര്യ സ്ഥാപനത്തിന് കൊടുത്തു തീർക്കാനുള്ള ഏതെങ്കിലും തുക വസൂലാക്കുന്നതിന് അതിന്റെ ഒരു അപേക്ഷയിന്മേൽ ജില്ലാ കളക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ, തത്സമയം പ്രാബല്യത്തിലിരിക്കുന്ന നികുതി വസൂലാക്കൽ ആക്റ്റിന്റെ

വ്യവസ്ഥകൾക്കനുസൃതമായി, പ്രസ്തുത തുക ഭൂമിയിന്മേലുള്ള പൊതു കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കുന്നതിനായി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

14. കിസ്സാൻ പാസ് ബുക്കിന്റെ സാധുത.—**6-**ാം വകുപ്പ് പ്രകാരം നല്കിയതും നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതുമായ ഒരു കിസ്സാൻ പാസ് ബുക്കിന് മൂന്ന് വർഷക്കാലത്തേക്ക് മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും, അതിനുശേഷം, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതിൽ നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ നടത്തുകയും ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ മാത്രം സാധുത ഉണ്ടായിരിക്കുന്നതുമാകുന്നു.

15. കിസ്സാൻ പാസ് ബുക്കിന്റെ വില.—**6-**ാം വകുപ്പ് പ്രകാരം കിസ്സാൻ പാസ് ബുക്ക് നല്കുന്നതിനുമുമ്പ്, റവന്യൂ ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തുക അതിന്റെ വിലയായി ഈടാക്കേണ്ടതാണ്.

16. ഉത്തമ വിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിനോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കോ അനുസൃതമായി ഉത്തമ വിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിന് സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അധികാരസ്ഥാനത്തിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

17. റവന്യൂ ഉദ്യോഗസ്ഥന്റെ ഉത്തരവുകൾ അനുസരിക്കാതിരിക്കൽ, കിസ്സാൻ പാസ് ബുക്കിൽ വ്യാജമായി ഇടയ്ക്ക് എഴുതി ചേർക്കൽ മുതലായവയ്ക്കുള്ള പിഴ.—**(1)** ഏതെങ്കിലും ആൾ ഒരു റവന്യൂ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ കിസ്സാൻ പാസ് ബുക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുകയോ നിരസിക്കുകയോ അല്ലെങ്കിൽ ഈ ആക്ടിൻ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ കബളിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കിസ്സാൻ പാസ് ബുക്കിൽ വ്യാജമായി ഇടയ്ക്ക് എഴുതിച്ചേർക്കുകയോ എന്തെങ്കിലും മായ്ച്ചുകളയുകയോ അനധികൃതമായിട്ടുള്ള നേട്ടത്തിനായി അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ അത് വ്യാജമാണെന്ന് വിശ്വസിക്കേണ്ട കാരണങ്ങൾ ഉണ്ടെങ്കിലോ അല്ലെങ്കിൽ അത് സത്യമാകാമെന്ന് ഒരാൾക്ക് വിശ്വാസമില്ലാതെയോ ഏതെങ്കിലും തെറ്റായ പ്രസ്താവന നടത്തുകയാണെങ്കിലോ ആറ് മാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഒരു റവന്യൂ ഉദ്യോഗസ്ഥൻ നൽകിയ പരാതിയിന്മേലല്ലാതെ ഒന്നാം വകുപ്പുപ്രകാരം ശിക്ഷിക്കപ്പെടേണ്ട ഒരു കുറ്റം യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല. എന്നിരുന്നാലും, ധനകാര്യ സ്ഥാപനങ്ങൾക്ക്

കിസ്സാൻ പാസ് ബുക്കിൽ അവയുടെ ശ്രദ്ധയിൽപെടുന്ന ഏതെങ്കിലും രീതിയിലുള്ള തിരിമറികളെക്കുറിച്ച് റവന്യൂ ഉദ്യോഗസ്ഥനെ അറിയിക്കാവുന്നതാണ്.

18. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—**(1)** സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴിയും മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ, നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) **7**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പ് പ്രകാരമുള്ള കിസ്സാൻ പാസ് ബുക്കിന്റെ മാതൃകയും, വിശദവിവരങ്ങളും സാധുതാ കാലാവധിയും ;

(ബി) **7**-ാം വകുപ്പ് **(2)**-ാം ഉപവകുപ്പ് പ്രകാരം കിസ്സാൻ പാസ് ബുക്ക് പൂർത്തീകരിക്കേണ്ട രീതി ;

(സി) **7**-ാം വകുപ്പ് **(3)**-ാം ഉപവകുപ്പ് പ്രകാരം കിസ്സാൻ പാസ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതിന്റെ മാതൃകയും രീതിയും ;

(ഡി) **9**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റത്തിന്റെ വിശദവിവരങ്ങൾ കിസ്സാൻ പാസ് ബുക്കിൽ ഉൾപ്പെടുത്തേണ്ട മാതൃകയും രീതിയും;

(ഇ) **14**-ാം വകുപ്പ് പ്രകാരം കിസ്സാൻ പാസ് ബുക്കിൽ നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ നടത്തുകയും ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ട രീതി;

(എഫ്) **15**-ാം വകുപ്പ് പ്രകാരം കിസ്സാൻ പാസ് ബുക്കിന്റെ വിലയായി ഈടാക്കേണ്ടുന്ന തുക ;

(ജി) സർക്കാരിന്റെ അഭിപ്രായത്തിൽ, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി വ്യവസ്ഥകൾ ആവശ്യമായ മറ്റേതെങ്കിലും സംഗതി;

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം. കഴിയാവുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല്

ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദമോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.